# ബദൽ ടൂറിസവും പരിഗണിക്കാം

■ **വി.വി.വിജു**

''**ഏ**തു തരത്തിലുള്ള ടൂറിസം ആയാലും സാമ്പത്തിക ലാഭത്തിൽ മാത്രമാണ് നോട്ടം. പ്രകൃതി, പരിസ്ഥിതി, സംസ്കാരം, പാരമ്പര്യം, ജൈവ വൈവിധ്യം എന്നിവയെ അടിസ്ഥാനമാക്കി പലതരം ടൂറിസങ്ങളുണ്ടെങ്കിലും സുസ്ഥിരമായ മാതൃകകൾ വേണമെങ്കിൽ പ്രാദേശിക സമൂഹത്തെ കോർത്തിണക്കുന്ന പങ്കാളിത്ത പദ്ധതികൾ ഉണ്ടാകണം.'' –തിരുവനന്തപുരത്തെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) 2007 ൽ പ്രസിദ്ധീകരിച്ച സർവേയിൽ നിർദേശിക്കുന്നു. എന്നാൽ സർവേയും നടത്തിപ്പും രണ്ടുവഴിക്കായാണ് ടൂറിസം വകുപ്പിൻെറ പോക്ക്.

ഇതിൽനിന്ന് വ്യത്യസ്തമായി ജനകീയ ടൂറിസം, മാതൃകകളെക്കുറിച്ചുള്ള ചിന്തകൾ പലയിടത്തും തുടങ്ങിയിട്ടുണ്ട്. തദ്ദേശിയർക്ക് ജോലി കൊടുക്കുന്നു എന്നാണ് പ്രഖ്യാപനങ്ങൾ. എന്നാൽ സെക്യൂരിറ്റിഗാർഡ്, ക്ലീനിങ് ജോലികൾ തസ്തികകൾക്കപ്പുറം കൊടുക്കാൻ ആരും തയ്യാറല്ല. ഏറെ പേർക്ക് ജോലി നല്കി എന്നവകാശപ്പെടുന്ന വേളി ടൂറിസം വില്ലേജിലെ ലൈഫ് ഗാർഡുമാർക്ക് 12 വർഷമായിട്ടും സ്ഥിരം നിയമനമായില്ല. ഇപ്പോഴും 170 രൂപ ദിവസക്കൂലിയിൽ കഴിയുന്നു.

''തൊഴിലിനെയും ജീവിതത്തെയും ബാധിക്കാത്ത രീതിയിൽ പരമ്പരാഗതമായ അറിവുകളും പൈതൃകവും ഉപയോഗപ്പെടുത്തിയാകണം പദ്ധതികൾ'' –സാമൂഹിക പ്രവർത്തകയായ തിരുവനന്തപുരം വേളിയിലെ മാഗ്ലിൻ പീറ്റർ പറയുന്നു.

''വ്യത്യസ്തമായ മീൻപിടിത്ത രീതികളെ പ്രയോജനപ്പെടുത്തണം, സാഹസിക ടൂറിസത്തിൽ മത്സ്യത്തൊഴിലാളികളെയും ഉൾപ്പെടുത്തണം. 10–50 ലക്ഷം മുടക്കി ഇറക്കുന്ന 40 പേരോളം പോകുന്ന ഇൻബോർഡ് വള്ളങ്ങളിൽ രണ്ടു സഞ്ചാരികളെക്കൂടി കൊണ്ടുപോയാലെന്താണ്? മീൻപിടിത്തം പലപ്പോഴും നഷ്ടത്തിലാകുമ്പോൾ എണ്ണക്കാശെങ്കിലും ഇതിൽനിന്നു കിട്ടില്ലേ? തിരുവനന്തപുരത്തെ മത്സ്യഫെഡ് ഡെപ്യൂട്ടി ജനറൽ മാനേജർ പി.വി. ധനലക്ഷ്മി ചോദിക്കുന്നു. നീന്തൽ അറിയുന്നവർ ഉണ്ടാകുന്നതിനാൽ അപകടസാധ്യതയും കുറവായിരിക്കും.

മത്സ്യഫെഡിൻെറ നേതൃത്വത്തിൽ സ്വയം സഹായ സംഘങ്ങളെ ഉൾപ്പെടുത്തി നടപ്പാക്കുന്ന അക്വാ ടൂറിസം പദ്ധതിക്ക് നല്ല പ്രതികരണമാണ്.



**ദേശാടനത്തിൻെറ തീരക്കാഴ്ചകൾ-4**

എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ, മാലിപ്പുറം, കോട്ടയം ജില്ലയിലെ പാലാക്കരി എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്. മൊത്തം അഞ്ച് ഹെക്ടറിൽ മൂന്ന് മത്സ്യപാടങ്ങളാണ് ഞാറയ്ക്കലിലുള്ളത്.

പൂമീനും നാരൻ, കാര, തെള്ളി ചെമ്മീനുകളുമാണ് ഇവിടെ കൃഷി. സഞ്ചാരികൾക്ക് 100 രൂപ കൊടുത്ത് അകത്തുകയറിയാൽ പെഡൽ ബോട്ടിലൂടെ കായൽസഞ്ചാരം നടത്താം. ഒപ്പം നാടൻ മീൻകറിയുമായി ഊണും. 10 രൂപ കൊടുത്ത് ചൂണ്ട വാങ്ങിയാൽ ചൂണ്ടയിട്ട് മീൻപിടിക്കുകയുമാകാം. കിട്ടുന്ന മീനുകൾ പുറത്തുകൊണ്ടുപോകണമെങ്കിൽ കാശുകൊടുക്കണം. അഞ്ച് മത്സ്യത്തൊഴിലാളികൾ ഇവിടെ 'ഫിഷ് വർക്കർ' മാരായി ജോലി ചെയ്യുന്നു.

നാടൻ ഭക്ഷണം നല്കുന്ന റസ്റ്റോറൻറ് ഞാറയ്ക്കൽ–നായരമ്പലം മത്സ്യത്തൊഴിലാളി വികസനക്ഷേമ സംഘമാണ് നടത്തുന്നത്. ഒമ്പതുപേരടങ്ങുന്ന സ്വയംസഹായ സംഘത്തിലെ ഓരോ അംഗവും 10,000 രൂപ വായ്പയെടുത്താണ് സംരംഭം തുടങ്ങിയത്. ഇപ്പോൾ സ്വന്തമായി കെട്ടിടം നിർമിച്ചു. ദിവസം ശരാശരി ഒരാൾ100 രൂപയെങ്കിലും വരുമാനമുണ്ടാക്കുന്നുണ്ടെന്ന് സംഘം പ്രസിഡൻറ് വി.എ. ഷീലാതമ്പിയും സെക്രട്ടറി രമാരവീന്ദ്രനും പറയുന്നു.



മത്സ്യഫെഡിൻെറ ഞാറയ്ക്കൽ ഫിഷ് ഫാം

ഒരു വർഷം ഒന്നര ലക്ഷം രൂപയാണ് ശരാശരി വരുമാനം. ഇവിടെ സന്ദർശകരിൽ നിന്ന് വാങ്ങുന്ന 100 രൂപയിൽ 50 രൂപ മത്സ്യഫെഡിനും 50 രൂപ റസ്റ്റോറൻറിനുമാണ്.

കോട്ടയം മണർകാട് സെൻറ് മേരീസ് കോളേജ് അധ്യാപിക വിമല എബ്രഹാമും കുടുംബവും രണ്ടാംതവണയാണ് ഇവിടെയെത്തുന്നത്. ''നാടൻ അന്തരീക്ഷവും മീൻപിടിത്തവുമൊക്കെ കുട്ടികൾക്ക് വളരെ ഇഷ്ടമാണ്. അവർക്കിതൊരു വ്യത്യസ്തമായ അനുഭവമാണ്'' –അവർ പറയുന്നു.

പ്രൊഫഷണലിസത്തിൻെറ അഭാവവും സഞ്ചാരികൾക്കായി കൂടുതൽ വിനോദങ്ങളില്ലാത്തതും ഇതിൻെറ പരിമിതികളാണ്. കൂട്ടമായി എത്തുന്നവർക്ക് യോഗങ്ങളോ ചടങ്ങുകളോ നടത്താനുള്ള ഹാളും ഇവിടെയില്ല. സഞ്ചാരികളെ കൂടുതൽ നേരം പിടിച്ചുനിർത്താനും അതുവഴി കൂടുതൽ വരുമാനം നേടാനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വേണം. ആസൂത്രണ ഘട്ടം മുതൽ ജനകീയ ഇടപെടൽ കൂടി ഇത്തരം പദ്ധതികൾക്ക് വേണം.

*(നാളെ: കുമ്പളങ്ങി വഴി...)*

◆ ആക്ഷേപങ്ങളും അഭിപ്രായങ്ങളും ◆